കണ്ണൂർ കെൽട്രോണിലെ ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ കുടിശ്ശിക

188 (5078) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1992-96 കാലയളവിൽ കെൽട്രോണിൽ നടപ്പിലാക്കിയ ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശിക കണ്ണൂർ കെൽട്രോണിലെ മുൻ കെ.എക്സ്. എൽ ജീവനക്കാർക്ക് ലഭിച്ചിട്ടില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ആവശ്യം ഉന്നയിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) ഇവർക്ക് എന്തുകൊണ്ടാണ് കുടിശ്ശിക നൽകാത്തതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് കുടിശ്ശിക നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) മേൽനടപടികൾക്കായി കെൽട്രോൺ മാനേജിംഗ് ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) 1993-94 മുതൽ കമ്പനി ഭീമമായ നഷ്ടത്തിലായതുകൊണ്ടാണ് മേൽകുടിശ്ശിക തൊഴിലാളികൾക്ക് നൽകാൻ സാധിക്കാത്തത്. 31-3-2008 വരെയുള്ള കണക്കുകൾ പ്രകാരം മുൻ കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡിന്റെ സഞ്ചിത നഷ്ടം 19.44 കോടി രൂപയാണ്. കമ്പനിയെ BIFR പീഡിതവ്യവസായമായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ഡി) 6-8-2005-ന് കമ്പനി മാനേജ്മെന്റ് പ്രതിനിധികളും തൊഴിലാളി സംഘടനാ പ്രതിനിധികളും ഒപ്പിട്ട കരാർപ്രകാരം പ്രോവിഡന്റ് ഫണ്ട് വിഹിതമടക്കമുള്ള ചട്ടപ്രകാരമുള്ള മുൻ കുടിശ്ശികകൾ മുഴുവൻ തീർത്തശേഷം ശമ്പള പരിഷ്ക്കരണത്തിന്റെ കുടിശ്ശിക നൽകാൻ ധാരണയായിട്ടുണ്ട്. മുൻ കെൽട്രോൺ ക്രിസ്റ്റൽസ് ലിമിറ്റഡിന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി പ്രസ്തുത കമ്പനിയേയും മറ്റു രണ്ടു സഹോദര സ്ഥാപനങ്ങളേയും കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ ലയിപ്പിച്ചുകൊണ്ട് സർക്കാർ 27-5-2008-ൽ ഉത്തരവിറക്കിയിട്ടുണ്ട്. മേൽപ്രകാരമുള്ള ലയനം 1-1-2010 മുതൽ പ്രാബല്യത്തിൽ വരികയും ലയിക്കപ്പെട്ട കമ്പനികളിലെ പിരിഞ്ഞുപോയ തൊഴിലാളികളുടെ റിട്ടയർമെന്റ് ആനുകൂല്യമടക്കം 120 ലക്ഷത്തിലധികം രൂപയുടെ ബാദ്ധ്യതകൾ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിന്റെ ബാധ്യതയായിമാറുകയും ചെയ്തു. ഇവ കമ്പനിയുടെ സാമ്പത്തിക പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ഘട്ടംഘട്ടമായി തീർക്കുവാൻ ശ്രമിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly